പതിനാലാം കേരള നിയമസഭ

പതിനെട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 840 05.02.2020 ൽ മറുപടിയ്ക്ക്

കൈവശകർഷകരുടെ ഭൂമിക്ക്പട്ടയം നൽകുന്നതിൽ വനം വകുപ്പിന്റെ നിലപാട്

| ചോദ്യം<br>ശ്രീ.രാജു എബ്രഹാം | | മറുപടി<br>അഡ്വ.കെ.രാജു<br>(ബഹു. വനവും മൃഗസംരക്ഷണവും<br>മൃഗശാലകളും വകുപ്പ മന്ത്രി) | |
|---|---|---|---|
| (എ) | പൊന്തൻപുഴ, പെരുമ്പെട്ടി പ്രദേശങ്ങളിലെ കൈവശ കർഷകരുടെ ഭൂമിക്ക് പട്ടയം നൽകുന്നതുമായി ബന്ധപ്പെട്ട് വനം വകുപ്പ് കൈക്കൊണ്ടിട്ടുള്ള നിലപാട് വ്യക്തമാക്കാമോ; | (എ) | കോട്ടയം ജില്ലയിലെ പൊന്തൻപുഴ ഉൾപ്പെട്ടുവരുന്ന ആലപ്ര പ്രൊപ്പോസ്ഡ് റിസർവ്വിലും, പത്തനംതിട്ട ജില്ലയിലെ പെരുമ്പെട്ടി പ്രദേശം ഉൾപ്പെട്ടുവരുന്ന വലിയകാവ് പ്രൊപ്പോസ്ഡ് റിസർവ്വിലും 01.01.1977 ന് മുമ്പ് വനഭൂമി കയ്യേറി കൈവശം വച്ച് വരുന്ന കർഷകർ ഉള്ളതാണ്. ഈ മേഖലയിലെ റവന്യൂ വനം വകുപ്പ് സംയുക്ത പരിശോധന 1989-91 കാലയളവിൽ പൂർത്തിയാക്കിയിട്ടുള്ളതാണ്. ആലപ്ര പ്രൊപ്പോസ്ഡ് റിസർവ്വിൽ 95.32 ഹെക്ടർ വനഭൂമിയിൽ 01.01.1977 ന മുമ്പുള്ള കൈവശം കണ്ടെത്തിയിട്ടുണ്ട്. വലിയകാവ് റിസർവ്വിനുള്ളിൽ 01.01.1977 ന് മുമ്പുള്ളതായി 414 കുടുംബങ്ങൾ ഉള്ളതായും ടി കയ്യേറ്റഭൂമിക്ക് 104.73ഹെക്ടർ വിസ്തീർണ്ണമുള്ളതായും കണ്ടെത്തിയിട്ടുള്ളതാണ്. ഇതു കൂടാതെ 59 കുടുംബങ്ങൾ വലിയകാവ് പ്രൊപ്പോസ്ഡ് റിസർവ്വിനുള്ളിൽ 01.01.1977 ശേഷമുള്ള കൈവശക്കാരായി കണ്ടെത്തിയിട്ടുണ്ട്. 01.01.1977 ന് മുമ്പ് വനഭൂമി കയ്യേറിയവർക്ക് 1980 ലെ കേന്ദ്ര വന (സംരക്ഷണ) നിയമത്തിൻ കീഴിലുള്ള അനുമതിക്ക് വിധേയമായി 1993 ലെ The Kerala Land Assignment (Regularisation of Occupations of Forest Lands prior to 01/01/1977) Special Rules, 1993 പ്രകാരമുള്ള പട്ടയങ്ങൾക്ക് അർഹതയുള്ളതാണ്. |

| | | | |
|---|---|---|---|
| | | | ശ്രീ.ഡി.വി.സനൽകുമാർ, കൺവീനർ പൗരസമിതി പെരുമ്പെട്ടി, ശ്രീ രാജേഷ് ഡി നായർ , പ്രസിഡന്റ് , പൗരസമിതി പെരുമ്പെട്ടി എന്നിവർ ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത ഒ.പി. നം. 2080/2001 - Vലെയും, ഒ.പി. നം. 19921/1999 -V ലെയും 12.03.01 ലെ സംയുക്ത വിധിയിൽ വലിയകാവ് പ്രൊപ്പോസ്ഡ് റിസർവ്വിലെ സർവ്വേ നമ്പർ 283/1 A യിൽപ്പെട്ട 01.01.1977 ന് മുമ്പുള്ള 414 പേർക്ക് പട്ടയങ്ങൾ നൽകുന്നത് കേന്ദ്രസർക്കാരിൻറെ മുൻകൂർ അനുമതിയ്ക്ക് ശേഷം മാത്രമേ പാടുള്ളൂവെന്ന് ഉത്തരവായിട്ടുള്ളതാണ്. സ.ഉ.(എം.എസ്) നമ്പർ 347/2009/റവന്യൂ തീയതി 31.08.2009 പ്രകാരം പത്തനംതിട്ട ജില്ലയിൽ കേന്ദ്ര അനുമതി ലഭിക്കാനുള്ള 1994 ഹെക്ടർ ഭൂമിയ്ക്കായി പത്തനംതിട്ട ജില്ലാ കളക്ടർ, ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ എന്നിവർ സംയുക്തമായി അപേക്ഷ തയ്യാറാക്കി ഫോറസ്റ്റ് കൺസർവേറ്റർ വഴി സർക്കാരിന് സമർപ്പിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. കമ്പക്കല്ലിൽ നീലക്കുറിഞ്ഞി സാങ്ചറിക്കായി മാറ്റി വച്ചിട്ടുള്ള ഭൂമിയിൽ നിന്നും 1994 ഹെക്ടർ പത്തനംതിട്ട ജില്ലയ്ക്കായുള്ള 1994 ഹെക്ടറിന്റെ പരിഹാര വനവൽക്കരണത്തിനുള്ള ഭൂമിയായി കണക്കാക്കി കേന്ദ്രാനുമതി വാങ്ങാമെന്നും ടി ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. പെരുമ്പെട്ടി വില്ലേജിലെ 414 കുടുംബങ്ങളുടെ 104.73 ഹെക്ടർ ഭൂമി ഉൾപ്പെടെയുള്ള പത്തനംതിട്ട ജില്ലയിലെ 01.01.1977 ന് മുമ്പുള്ള വനഭൂമി കയ്യേറ്റം ക്രമപ്പെടുത്തുന്നതിനുള്ള പ്രൊപ്പോസൽ പത്തനംതിട്ട ജില്ലാ കളക്ടർ 2012 ൽ കേന്ദ്ര സർക്കാരിൻറെ വെബ്സൈറ്റിൽ അപ് ലോഡ് ചെയ്തിട്ടുള്ളതാണ്. (പ്രൊപ്പോസൽ നമ്പർ.എഫ്.പി./കെ.എൽ/ഇ.എൻ.സി.ആർ.എച്ച്/8556/2012). ടി പ്രൊപ്പോസലിൽ അത്യാവശ്യം വേണ്ടുന്ന വിവരങ്ങൾ ലഭ്യമല്ലാത്തതിനാൽ ആയത് 2016 വർഷത്തിൽ പുനഃസമർപ്പണത്തിനായി തിരിച്ച് നൽകിയതാണ്. ടി ഓൺലൈൻ അപേക്ഷയിൽ തുടർ വിവരങ്ങൾ 07.06.2019 ൽ ജില്ലാ കളക്ടർ അപ് ലോഡ് ചെയ്തിട്ടുള്ളതാണ്. ടി അപേക്ഷയിൽ പൂർണ്ണമല്ലാതിരുന്ന എല്ലാ വിവരങ്ങളും ലഭ്യമായത് 2019 ഒക്ടോബർ മാസത്തിലാണ്. നടപടിക്രമങ്ങൾ പാലിച്ചു കൊണ്ട് കേന്ദ്രാനുമതിയ്ക്കായി ഈ പ്രൊപ്പോസൽ ഡി.എഫ്.ഒ., സി.സി.എഫ്, നോഡൽ ഓഫീസർ എന്നിവരുടെ ശുപാർശയോടു കൂടി 28.10.19 ലെ |

| | | | |
|---|---|---|---|
| | | | എഫ്.സി.2/12455/2016 കത്ത് പ്രകാരം ലഭിച്ചത് പരിശോധിച്ചു വരുന്നു. ടി പ്രൊപ്പോസലിൽ 6362 കുടുംബങ്ങൾ സംയുക്ത പരിശോധന ലിസ്റ്റ് പ്രകാരം ഉൾപ്പെടുന്നതും, മൊത്തമായി 1970.04 ഹെക്ടർ വനഭൂമി ഉൾപ്പെട്ട് വരുന്നതുമാണ്. പത്തനംതിട്ട ജില്ലയിലെ സംയുക്ത പരിശോധന എല്ലാം പൂർത്തിയായതായി ജില്ലാ കളക്ടർ സാക്ഷ്യപ്പെടുത്തിയിട്ടുള്ളതാണ്. എന്നാൽ, കോട്ടയം ജില്ലയിലെ പൊന്തൻപുഴ ഉൾപ്പെടുന്ന ആലപ്ര റിസർവ്വിലെ 01.01.1977 ന് മുമ്പുള്ള കയ്യേറ്റങ്ങൾ ക്രമപ്പെടുത്തുന്നതിനായുള്ള കേന്ദ്രാനുമതിയ്ക്കുള്ള പ്രൊപ്പോസൽ ജില്ലാ കളക്ടറിൽ നിന്നും ഇതുവരെയും ലഭിച്ചി ട്ടില്ലാത്തതാണ്. |
| (ബി) | പട്ടയം നൽകുന്നതിന് എന്തെങ്കിലും തടസ്സവാദം ഈ വകുപ്പിനുണ്ടോ; വ്യക്തമാക്കുമോ; | (ബി) | കേന്ദ്ര സർക്കാരിന്റെ അനുമതിയ്ക്ക് വിധേയമായി 01.01.1977 ന് മുമ്പുള്ള കൈവശക്കാർക്ക് പട്ടയം നൽകുന്നതിന് വനം വകുപ്പിന് തടസ്സവാദങ്ങൾ ഇല്ലാത്തതാകുന്നു. എന്നാൽ, ഈ വിഷയത്തിൽ നിയമ പ്രശ്നങ്ങൾ / കോടതി ഉത്തരവുകൾ ഉള്ളതാണ്. ഇതിന്റെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (സി) | ഇത് പരിഹരിച്ച് പട്ടയം നൽകുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെ എന്ന് വിശദമാക്കാമോ? | (സി) | വലിയകാവ് പ്രൊപ്പോസ്ഡ് റിസർവ്വിലെ 414 കൈവശക്കാർക്ക് കേന്ദ്രസർക്കാരിന്റെ അനുമതി ലഭ്യമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ ഉത്തരം (എ) യിൽ വിശദമാക്കിയിട്ടുണ്ട്. നിലവിലെ സ്ഥിതിയിൽ, കേന്ദ്രസർക്കാരിന്റെ അനുമതി ലഭ്യമാകുന്ന മുറയ്ക്ക്, ബഹു. സുപ്രീം കോടതിയിലെ എസ്.എൽ.പി (സിവിൽ) നം. (എസ്) 2291/2019 ലെ അന്തിമ തീരുമാനം അനുസരിച്ച് മാത്രമേ പട്ടയം നൽകുന്നതിനുള്ള നടപടി പൂർത്തീകരിക്കാൻ സാധിക്കുകയുള്ളൂ. അഡ്വക്കേറ്റ് ജനറലിന്റെ നിയമോപദേശവും എടുക്കേണ്ടതായി വരാം. |

സെക്ഷൻ ഓഫീസർ

അനുബന്ധം

1) ആലപ്ര റിസർവ്വിലെ 95.32 ഹെക്ടറിലെ 01.01.1977 ന് മുമ്പുള്ള കയ്യേറ്റക്കാർക്ക് 1980 -ലെ കേന്ദ്ര വന(സംരക്ഷണ) നിയമ പ്രകാരം പ്രൊപ്പോസൽ നൽകി കയ്യേറ്റം ക്രമപ്പെടുത്തുന്ന വിഷയത്തിൽ അഡ്വക്കേറ്റ് ജനറലിന്റെ നിയമോപദേശം കത്ത് നം.SS/191/2010 തീയതി 04.05.2010 പ്രകാരം ലഭ്യമായിട്ടുള്ളതാണ്. ടി നിയമോപദേശത്തിൽ ഇപ്രകാരം പറഞ്ഞിരിക്കുന്നു. "The land in dispute is the subject matter of MSA 1/1981. Once the appeal filed by the State is rejected, the claimants before the Forest Settlement Officer would be entitled to claim resumption of possession of the land. Further, assignment of forest land which is a subject matter of the appeal pending before the High Court will give raise to further complications. The assignees would be a pendent elite purchasers and the Government will have to provide alternate land to them in the event of dismissal of MSA 1/1981. Assignment would also adversely affect the contention of the State regarding conservation and protection of forest land. Therefore, it is advisable to await the decision of the Court in MSA 1/1981."

2) MSA No. 1 of 1981, WP(C) Nos.10460 of 2008, 20946 of 2014, 7337 of 2015 & 11136 of 2015 എന്നിവയിലെ 17.05.2016 തീയതിയിലെ ബഹു. കേരള ഹൈക്കോടതി ഡിവിഷൻ ബെഞ്ചിന്റെ സംയുക്ത ഉത്തരവിൽ താഴെപറയുന്ന തരത്തിലുള്ള വളരെ കർശനമായ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്.

"5. We see that in MSA No.1 of 1981, IA No. 1924 of 2015 was filed by one of the parties seeking an injunction restraining the State from issuing any patta or order of assignment in respect of the properties purported to be notified as part of Alappra reserve. The State had filed a counter affidavit, inter alia, stating that there is no attempt to issue any such patta. That counter affidavit was taken on record and that application was closed. Obviously therefore, this Court stood guaranteed through the counter affidavit on behalf of the State of Kerala that no part of Alappra reserve is being subjected to assignment proceedings. The learned counsel appearing for the contesting respondents in MSA No. 1 of 1981 points out that his clients obtained information inviting the provisions of the Right to Information Act, which discloses that assignments were effected even after 10.09.2015. All that is required to be obtained at this point of time is to ensure that no part of Alappra reserve and no part of the property involved in MSA No. 1 of 1981 are subjected to any assignment proceedings or registration of transfers or any other activity, including effecting mutation. We therefore, hereby direct that State of Kerala shall ensure that no part of property involved in MSA No.1 of 1981, in particular Alappra estate, is subjected to assignment, registration of any transfer interweaves or any other transaction and effecting

mutation or other changes in terms of the Transfer or Registry Rules. This direction against the State of Kerala will bind each and every officer of the State of Kerala. This is trite law. It is hereby notified that any disobedience to this direction will be dealt with accordance with law, if and when such act or omission is noted by this Court. The Principal Secretary to Government of Kerala in the Department of Revenue is hereby directed to ensure that this direction is communicated to all concerned through different wings of governance, including the Land Revenue Commissioner at the Directorate of Survey and Land Records and other relevant entities. The leaned Special Government Pleader for the Department of Forests will make available a copy of this order to the Additional Chief Secretary in the Revenue Department for prompt compliance of these directions."

"The order will be treated as an interlocutory order in MSA No.1 of 1981 and judgment finally disposing of the captioned writ petitions. It is also clarified that all other issues raised in the captioned writ petitions are left open to be raised for consideration as and when they become relevant in future and this judgment will not stand in the way of such course of action.".

3) MSA No.1/1981 ന്റെ ബഹു. ഹൈക്കോടതിയുടെ ഡിവിഷൻ ബെഞ്ചിന്റെ അന്തിമവിധി 10.01.2018ൽ ആയിട്ടുള്ളതാണ്. ടി വിധിയിൽ കരിക്കാട്ടൂർ റിസർവ്വ് ഫോറസ്റ്റിന്റെ അന്തിമ വിജ്ഞാപനത്തെ ബഹു. ഹൈക്കോടതി അതേ പോലെ തന്നെ ശരിവച്ചിട്ടുള്ളതാണ്. ആലപ്ര പ്രൊപ്പോസ്ഡ് റിസർവ്വിന്റെയും വലിയകാവ് പ്രൊപ്പോസ്ഡ് റിസർവ്വിന്റെയും ഉൾപ്പെടെയുള്ള സംഗതിയിൽ കേസ്സിൽ അവകാശവാദം ഉന്നയിച്ചവരുടെ Exhibit P131, P1 and P2 "Neets" കളെ ശരിവച്ചിട്ടുള്ളതും ആയവയിൽ ഉൾപ്പെട്ടിട്ടുള്ള വസ്തുവകകളുടെയും "Title" ശരിവച്ചിട്ടുള്ളതാണ്. എന്നാൽ, ആലപ്ര, വലിയകാവ് റിസർവ്വുകളുടെ കാര്യത്തിൽ, 10.01.1971 തീയതിയിലുള്ള നിക്ഷിപ്തവനമായോ, 02.06.2000 തീയതിയിലുള്ള ഇ.എഫ്.എൽ ആയോ

വിജ്ഞാപനം ചെയ്യാവുന്നതിനാൽ ടി വനഭൂമികൾ MSA No.1/1981 ലെ അവകാശികൾക്ക് വിട്ടു നൽകേണ്ടതില്ലെന്ന് വ്യക്തമാക്കിയിട്ടുള്ളതാണ്. ടൈറ്റിൽ ശരി വച്ചതിനെതിരെ സ്റ്റേറ്റ് കോടതി ഫയൽ ചെയ്ത ആർ.പി. നം. 182/2018 ബഹു. ഹൈക്കോടതി 09.10.2018 ൽ ഡിസ്മിസ് ചെയ്യുകയുണ്ടായി.

4) MSA No.1/1981 ലെ 10.01.2018 ലെ ബഹു. ഹൈക്കോടതി ഡിവിഷൻ ബഞ്ചിന്റെ അന്തിമവിധി, ആലപ്ര പ്രൊപ്പോസ്ഡ് റിസർവ്വ്, വലിയകാവ് പ്രൊപ്പോസ്ഡ് റിസർവ്വ് എന്നിവയിലെ നിലവിലെ കൈവശക്കാരുടെ താൽപര്യങ്ങളെ ഹനിക്കാവുന്നതാകയാൽ ടി കേസ്സിൽ ബഹു. സുപ്രീം കോടതിയിൽ സർക്കാർ എസ്.എൽ.പി (സിവിൽ) നം. 2291/2019 ഫയൽ ചെയ്തിട്ടുള്ളതും ആയതിൽ ബഹു. സുപ്രീം കോടതി 03.07.2019 തീയതിയിൽ "Status quo" ഉത്തരവായിട്ടുള്ളതുമാണ് - "Status quo shall be maintained by the parties in the meanwhile". അവകാശവാദികളുടെ "Title" കൾ അംഗീകരിച്ചുകൊണ്ടുള്ള MSA No.1/1981 ലെ ബഹു. ഹൈക്കോടതിയുടെ ഉത്തരവ് ഭാഗത്തെയാണ് പ്രധാനമായും ടി എസ്.എൽ.പിയിൽ 'സ്റ്റേറ്റ്' അപ്പീൽ ചെയ്തിട്ടുള്ളത്.

സെക്ഷൻ ഓഫീസർ

840
1/1